
# ALOIS REVISTA



St Aloysius HS Elthuruth

# മുഖമൊഴി

വിവരസാങ്കേതികവിദ്യയും സർഗ്ഗാത്മകതയും ഒന്നു ചേരുമ്പോൾ പഠനം ഒരു ഉത്സവം തന്നെയായി മാറുന്നു , ഓരോ വിദ്യാലയങ്ങളും പ്രതിഭാകേന്ദ്രങ്ങളും. വിദ്യാലയത്തിന്റെ ഓരോ കോണുകളിൽ നിന്നും വരകളുടെയും വാക്കുകളുടെയും ഭാവനയുടെയും അറിവിന്റേയും നിറങ്ങളുടെയും സമ്മേളനം ഒരു ഡിജിറ്റൽ മാഗസിനായി ഇവിടെ അവതരിപ്പിക്കുന്നു.മികവിന്റെ ചെറുചിറകു വിരിച്ച സാങ്കേതിക വിദ്യയുടെ ഉയരങ്ങൾ കീഴടക്കാൻചെറുപട്ടങ്ങൾ ഒരുങ്ങിയിരിക്കുന്നു.ഏവരുടെയും പ്രോത്സാഹനം പ്രതീക്ഷിക്കുന്നു.

ചീഫ് എഡിറ്റർ

# അണിയറയിൽ

ഹെഡ് മാസ്റ്റർ : ശ്രീ ജെന്നി വർഗ്ഗീസ്

ഫാ. ജോസ് കൊടിയൻ

Rev ഫാ. തോമസ് ചക്രമാക്കിൽ

ശ്രീമതി സജ്ന(MPTA പ്രസിഡന്റ്)

ശ്രീ സുനിൽ പി (PTA പ്രസിഡന്റ്)
ശ്രീ ജോസ് മാർട്ടിൻ
ശ്രീമതി റോസ് ജോസ് സി
ശ്രീമതി മേരി ജോർജ്
ലിറ്റിൽകൈറ്റ്സ് മാസ്റ്റർ(KITE മിസ്ട്രസ് ,ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

## EDITING

അവിൻ ബൈജു
മുഹമ്മദ് അമൻ
അമൽ പ്രദീപ്
അഭിനന്ദ്
ശ്രീ ഗൗതം
അനീഷ് ശോഭനൻ
ആദിത്യൻ കെ എ
ജോഷ്വ ജോജു
എഡ്വിൻ എൻഎസ്

# താളുകളിലൂടെ


- മുഖമൊഴി
- ആശംസ (ശ്രീ ജെന്നി വർഗീസ്,തോമസ് ചക്രമാക്കിൽ CMI)
- പ്രളയം(കവിത)
- പ്രിയപ്പെട്ട അഭിറാം(കഥ)
- അമ്മ(കവിത)
- clouds(കവിത)
- അണിയറയിൽ
- ഓർമയിലെ ഒരോണം(കഥ)
- മാറിക്കൊണ്ടിരിക്കുന്ന വായനശീലം(കഥ)
- അനുഭവം(കഥ)



# ആശംസ

നൂറ്റാണ്ടിന്റെ പൈതൃകം കൈമുതലായ സെൻ്റ് അലോഷ്യസ് വിദ്യാലയം ഇന്ന് അക്ഷര ലോകത്തിലെതിളക്കമാർന്ന വെള്ളി നക്ഷത്രമാണ്. വിശുദ്ധ ചാവറ പിതാവിന്റെ വിദ്യാഭ്യാസ ദർശനങ്ങളിലൂന്നി സി. എം.ഐ വൈദികരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ പാഠ്യ - പാഠ്യേതര വളർച്ചക്ക് ഊന്നൽ നൽകിപ്രവർത്തിക്കുന്ന ഈ വിദ്യാലയം മികവിന്റെ നിറവാണ് എന്നതിൽ സംശയമില്ല.മാനേജ്മെന്റിന്റെയും രക്ഷിതാക്കളുടെയും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പരിശ്രമത്തിന് നന്ദി അർപ്പിച്ചുകൊണ്ട് ആശംസകൾ അർപ്പിക്കുന്നു

ജെന്നി
വർഗീസ്



# ആശംസ

എൽത്തുരുത്തിന്റെ പിതാവായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ പള്ളിക്കൊപ്പം പള്ളിക്കൂടം എന്ന ദർശനത്തിൽ നിന്ന് ഉരുത്തിരിഞ്ഞ അലോഷ്യസ് വിദ്യാലയം നൂറ്റാണ്ട് പിന്നിട്ടിട്ടും അക്ഷരലോകത്തേക്ക് വിദ്യാർത്ഥികളെ കൈപിടിച്ചുയർത്താൻ ഒരു ചുവട് മുന്നിൽ തന്നെയാണ് .കുട്ടികളുടെ സമഗ്ര വികസനം, പഠനത്തോടൊപ്പം പാഠ്യ പാഠ്യേതര വിഷയങ്ങളിലും നൽകുന്ന ഊന്നൽ നൽകുന്നു. ലിറ്റിൽ കൈറ്റ് സിന്റെ പ്രവർത്തനങ്ങൾക്കും മാഗസിനും എല്ലാവിധ ആശംസകളും നേരുന്നു.

മാനേജർ
തോമസ് ചക്രമാക്കിൽ CMI

# പ്രളയം

കേരളം- ദൈവത്തിൻെറ
സ്വന്തം നാട്
ഞെട്ടിത്തരിച്ചു നിന്നുപോയി
ഇടിയും മഴയും
ഭയന്നുപോയി മക്കൾ .
കുത്തിയൊലിച്ചുവന്ന
ഭൂമിദേവി
കലിതുള്ളി
ഒലിച്ചുവന്ന ഭവനം
ഭയന്നുപോയി ജനം
ഒരുപാട് നാളത്തെ
ജീവിതപ്രയത്നങ്ങൾ
കൺമുന്നിൽ നിന്നും
മറഞ്ഞുപോയി
മാറിയുടുക്കാൻ പോലും ഇല്ലാതെ
ഭയന്നുപോയി ജനം
പ്രളയത്തിൽ ജനങ്ങൾ
ജാതി മറന്നുപോയി
ക്രിസ്ത്യനം ഹിന്ദുവും മുസൽമാനം
ഒരുമിച്ചു ജീവിതരക്ഷയ്ക്ക്
മണിമാളികയിൽ ഉറങ്ങിയവർ
ഒറ്റരാത്രികൊണ്ട്
അഭയാർത്ഥി ക്യാമ്പിൽ
അന്തിയുറങ്ങി
പകച്ചുനിൽക്കുന്നു
കൺമുന്നിൽ മനുഷ്യർ




അൽജോ ജോൺ















# കാത്തിരിക്കും ആ തുലാവസന്തം

രു തുള്ളി സ്പർശത്തിനായി
കാത്തിരിപ്പൂ നിന്നെ ഞാനും
മേഘങ്ങളായി പൊടി ചാറ്റലുകളായി
എൻ മുന്നിലോടിയെത്തും
പുതുമഴയെ കാത്തിരിക്കുന്നു ഞാനും
ഇന്നും ആ പുതുമഴയ്ക്കായി
എന്നു നീ വന്നീടും മഴയെ
ഒരു പിടി നല്ല ഓർമ്മകൾ
സമ്മാനിക്കുവാനായി
പൂക്കൾ തളർന്നു
വെയിലിൽ ഭൂമിയാഗോളം തളർന്നു
നിൽക്കുന്നു നിന്നെയും കാത്തുനിൽപ്പൂ
നല്ലൊരു വർഷക്കാലം
നീ ചൊരിയൂ വൈകി എത്തരുതേ നീ
മഴയെ ...മഴയെ ഇനി വൈകിയെത്തരുതേ
നീ ഇനി മായല്ലേ മഴയെ നീ
കുളിരേകാൻ പുതുനാമ്പുകൾ
ഉണർത്താൻ വരാൻ മറക്കരുതേ
കാർമേഘങ്ങളാൽ മഴക്കാറുകളായി
ഇനിയും നീ മോഹിപ്പിക്കരുതേൽ
ദുഃഖത്തിൽ പൂക്കൾ കൊഴിയുന്നിതാ
ഇനിയും നീ വൈകി എത്തരുതേ.

ഇന്ന് വരുമെന്ന് ചൊല്ലി
ദുഃഖത്താൽ മൂടി നീ എന്നെ
വൈകി എത്തിയെന്നാലും
കുളിരേകും നിൻ തുള്ളി
സ്പർശം എൻ
ഓമന നാമ്പിൽ
കുളിരുയർന്നു
ആരോമൽ പൂവിലെല്ലാം
നിന്റെ
യാ ഒരു തുള്ളി മതി ആ
ജീവനു ചിതറി തെറിക്കാത്ത
ഓർമ്മയിൽ നീ എന്നുമെൻ
മനസ്സിൽ കിടപ്പൂ
ഇനി നീ വൈകിയെത്തരുതേ
ഇനിയൊരു വർഷക്കാലത്തിനായി
കാത്തിരിക്കുന്നു ഞങ്ങൾ .



അലോണ ജോസ്

# മഴ വൈകി എത്തിയപ്പോൾ

ഹൊ! ഇതെന്തൊരു മറിമായം
കണ്ണിനു കുളിർമയേകാൻ ആയി
വന്നല്ലോ പവിഴമഴ
എൻ കരിഞ്ഞ പൂക്കളെ നിൻ
മന്ദസ്മിതം എന്തു ഭംഗി
നിൻ മഴ നൃത്തം കാണാൻ തുടിപ്പൂ
എൻ മനസ്സ്
മഴയെ നിൻ വരവു കാത്ത്
പരിഭവം പറഞ്ഞു പൂക്കൾ
നീ വന്നതും
കരഞ്ഞു പോയി പുഴയും
സൂര്യനും മറഞ്ഞു പോയി
വെള്ളമേഘങ്ങളും കറുത്തുപോയി
വറ്റിവരണ്ടല്ലോ കിണറുകളും
നിൻ ആഗമനത്തോടെ
പുഞ്ചിരിപ്പൂ മനുഷ്യഹൃദയം
നിൻ പവിഴ മുത്തുകൾ വീഴ്കേ
എൻ മേനിയിൽ
കുളിരുന്നുവല്ലോ മേനിയാകെ
നിൻ വരവറിയിച്ചുകൊണ്ട്
വന്നല്ലോ മഴവില്ലുകളും
എങ്ങനെ വർണ്
ിണിക്കും ഞാൻ
നിൻ ഭംഗിയെ !
സൂര്യ വെളിച്ചത്തിൽ
നിൻ മഴത്തുള്ളിക്കായിരം വർണ
ങ്ങൾ
വൈകിയതെന്തേ
മഴയെ നീ
വരുവാൻ മറക്കല്ലേ നീ
വീണ്ടും കാത്തിരിപ്പൂ ഞാൻ
നിനക്ക് വേണ്ടി
പുഷ്പനദി മനുഷ്യർ
നിൻ വരവിനാലേ ആനന്ദിപ്പൂ
മറക്കല്ലേ മഴയെ
തിരിച്ചുവരുവാൻ കാത്തിരിപ്പൂ
ഞാൻ കാത്തിരിപ്പൂ .



# പ്രിയപ്പെട്ട അഭിറാം

കട്ടിയാൽഎന്നഗ്രാമത്തിൽ ഒരു കുഞ്ഞ് പിറക്കുന്നുഅവനെ മനസ്സ് കൊണ്ട് സ്വീകരിക്കാൻ പറ്റാത്തത് കൊണ്ട് അവനെ ജന്മം നൽകിയ അമ്മ ഉപേക്ഷിക്കുവാനായി തീരുമാനിക്കുന്നു എന്നിട്ടവർ അവനെ തെരുവിൽ ഉപേക്ഷിക്കുന്നു. അവിടെ ഒരു തട്ട് കട നടത്തുന്ന അമ്മയും മകളും കട പൂട്ടി പോകുമ്പോൾ അവർ ആ കുഞ്ഞിനെ കണ്ടു. അപ്പോൾ അവർ അവരുടെ മരിച്ച മകനെ ഓർത്തു. അവരുടെ മകനെ പോലെ കണ്ട് ആ കുഞ്ഞിനെ എടുത്ത് വളർത്തുന്നു എന്നിട്ടവന് അവരുടെ മരിച്ച മകന്റെ പേരാണ് ഇട്ടത് . എന്നിട്ട് അവൻ അഭിറാം ആയി



അവിടെ വളരുന്നു.സ്കൂളിലും കോളേജിലും മികച്ച വിദ്യാർത്ഥിയായിരുന്നു. അവൻ മറ്റ് ജോലിക്കും ബൈക്ക് റേസിനും പോയി കിട്ടുന്ന പണം കൊണ്ട് അവൻ കോളേജിൽ പഠിച്ചിരുന്നത് . ഒരു ദിവസം അവന്റെ അമ്മ വയ്യാതാകുന്നു അമ്മയെ നോക്കാൻ വേണ്ടി രാത്രി ഉറക്കമൊഴിച്ചും തട്ട്കടയിൽ ജോലി ചെയ്യു. അമ്മയെ നോക്കുന്നതിനിടയിൽ പഠിക്കാനുള്ള ചിന്ത അവനിൽ നിന്നും മാഞ്ഞ് തുടങ്ങിയിരുന്നു.

ഒരു ദിവസം അവന്റെ കോളേജിലെ അധ്യാപകൻ ഭക്ഷണം കഴിക്കാൻ വന്നപ്പോൾ അവനെ കാണാനിടയായി അധ്യാപകൻ അവനെ കണ്ട് സംസാരിച്ചു. അന്നത്തെ രാത്രി ഉറങ്ങാതെ കിടന്ന് അവൻ ചിന്തിച്ചു കോളേജിലേക്ക് തിരിച്ച് പോകുന്നു .

**The Happy Ending**

-------------------------

**Abhinath.K.S**

# പ്ലാശ്ശേരി മലയാളം

കംപ്യൂട്ടറിൽ 5 വ്യത്യസ്ത തരം മലയാളം ലിപികളും (ഫോണ്ട്) ഗ്രീക്ക്, തമിഴ്, ഹിന്ദി എന്നീ ഭാഷകളിൽ ഓരോ ലിപിയും തയാറാക്കിയ വൈദികൻ. യുഎസിൽ നിന്നു കംപ്യൂട്ടർ സയൻസിൽ ബിരുദം, ബിരുദാനന്തര ബിരുദം, എംഎസ് എന്നിവ നേടി കംപ്യൂട്ടർ ലിപികളിൽ വിപ്ലവം സൃഷ്ടിച്ച വൈദികനാണ് ഈയിടെ അന്തരിച്ച സിഎംഐ ദേവമാതാ പ്രവിശ്യയിലെ ഫാ.ജോർജ് പ്ലാശേരി (80). കംപ്യൂട്ടറിൽ ആദ്യത്തെ മലയാളം ലിപിയെന്നു കരുതപ്പെടുന്ന പ്ലാശേരി ഫോണ്ട് (1989) തയാറാക്കിയത് ഫാ.ജോർജായിരുന്നു. ആഴത്തിലുള്ള കംപ്യൂട്ടർ പരിജ്ഞാനത്തിലൂടെ മലയാള ഭാഷയിൽ സ്വന്തമായി സോഫ്റ്റ്‌വെയർ തയാറാക്കിയായിരുന്നു പരീക്ഷണങ്ങൾ.



ഇരിങ്ങാലക്കുട രൂപതയിലെ താഴെക്കാട് സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗമാണ്. കണ്ണിക്കര പ്ലാശേരി ചാതേലി മാത്യുവിന്റെയും മറിയത്തിന്റെയും മുതിർന്ന മകനായി 1944 ജൂലൈ 6നാണു ജനനം. കണ്ണിക്കര സെന്റ് പോൾസ് എൽപിഎസ്, ആളൂർ ആർഎംഎച്ച്എസ് എന്നിവിടങ്ങളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. 15-ാം വയസ്സിൽ സിഎംഐ സഭയിൽ വൈദിക പഠനത്തിനു ചേർന്നു.

തുടർന്ന് ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിൽ നിന്നു പ്രീ ഡിഗ്രിയും ഫിസിക്സിൽ ബിരുദവും നേടി. 1974 ഡിസംബർ 28നു വൈദിക പട്ടം സ്വീകരിച്ചു. കുസാറ്റിൽ നിന്നു ഫിസിക്സിൽ ബിരുദാനന്തര ബിരുദം നേടി. കാലിക്കറ്റ് സർവകലാശാലയിലാണ് എംഫിൽ പൂർത്തിയാക്കിയത്. ഇതിനു ശേഷമാണു കംപ്യൂട്ടർ സാങ്കേതിക വിദ്യയുടെ ആരംഭകാലത്ത് അതിൽ ഉപരിപഠനത്തിനായി 1988 ൽ യുഎസിലെത്തിയത്. 10 വർഷം യുഎസിലായിരുന്നു. ഫിലാ ഡൽഫിയ രൂപതയുടെ കീഴിലുള്ള 2 ഇടവകകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഗ്രാഫിക് ഡിസൈനിങ്ങിൽ താൽപര്യമുണ്ടായിരുന്ന ഫാ.ജോർജ്, 1990-92 കാലത്തു 3 കംപ്യൂട്ടർ ഗെയിമുകൾക്കും രൂപം നൽകി. തമിഴ്നാട് കോയമ്പത്തൂരിലെ ലിസിയക്സ് മെടിക്കുലേഷൻ ഹൈസ്കൂളിലും എൽത്തുരുത്ത് സെന്റ് അലോഷ്യസ് ഹയർ സെക്കൻഡറി സ്കൂളിലും കംപ്യൂട്ടർ അധ്യാപകനായി പ്രവർത്തിച്ചിട്ടുണ്ട്. 2000-10 കാലഘട്ടത്തിൽ സെന്റ് അലോഷ്യസ് കോളജിലെ ബർസാറായിരുന്നു. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിലും ചെറുതുരുത്തി ജ്യോതി എൻജിനീയറിങ് കോളജിലും ഫിസിക്സ് പ്രഫസറായിരുന്നു. പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ ജൂബിലി ആഘോഷങ്ങൾക്കു കഴിഞ്ഞ  ഡിസംബറിൽ തുടക്കമായിരുന്നു. അതിന്റെ ഭാഗമായുള്ള പരിപാടികൾ പുരോഗമിക്കുമ്പോഴാണു വിയോഗം.

# അമ്മ


എന്നിലുള്ള എല്ലാ നന്മകൾക്കും എന്റെ
അമ്മയോട് ഞാൻ കടപ്പെട്ടിരിക്കുന്നു.
അത്കൊണ്ട് അമ്മയോട് ഉണ്ടായിരിക്കേണ്ട
ആദരവോടെ മാത്രമേ എനിക്ക് സ്ത്രീയെ
കാണാനാവൂ' ഗാന്ധിജി .
പരിശുദ്ധ മറിയം ലോകത്തിന്റെ
പ്രഭാതാരമാണെങ്കിൽ ഓരോ അമ്മയും ഓരോ
കുടുംബത്തിന്റെ പ്രഭാതാരമാണ്
അമ്മ നന്നായാൽ മറ്റെല്ലാം നന്നായി



ഈ ജീവിതത്തിൽ
അമ്മയാണെല്ലാം
ദുഃഖത്തിന്റെ നിമിഷങ്ങളിൽ
'അമ്മ സ്വാന്തനമാണ്
നൈരാശ്യത്തിന്റെ
നിമിഷങ്ങളിൽ
അമ്മ പ്രതീക്ഷയാകുന്നു
സഹനത്തിന്റെയും
ത്യാഗത്തിന്റെയും ക്ഷയുടെയും
പ്രഭാവസ്ഥനമാണ് അമ്മ
അമ്മ നഷ്ടമാകുന്ന ഒരാളിൽ നഷ്ടമാകുന്നത്
ഉത്തമവിശ്വാസത്തോടെ ഒന്ന് തലചായ്ച്ചു
വിശ്രമിക്കുവാനുള്ള
സ്നേഹോഷ്മളമായ് ഒരു വൃഷസ്സാണ്

# Clouds

*A white soft lump in the sky*
*You never drop,and always fly.*
*You soar above the trees,*
*In the morning breeze,*
*You never melt, nor freeze.*



*The wind blows you all*
*around,we can even see you*
*from the ground.*
*When you fill the sky,it looks*
*a bit gloomy.*
*Which is the perfect time to*
*watch a movie.*
*As we write poems about you,*
*There is no need to think,*

*As you move swiftly, we don't even blink.*
*That is all I can write about you,*
*As you fly around the Earth, when the sky is*
*blue.*
*As I end my words enjoying the silence,*
*And so my poem ends without violence.*

*Written by Esther Jos*



# ഓർമ്മയിലെ ഒരോണം

എം.എ മൂന്നാം സെമസ്റ്റർ പഠിക്കുമ്പോഴാണ് ഓണക്കാലം കടന്നുവന്നത്. ഇനി കോളേജ് ജീവിതത്തിൽ ഒരു ഓണം ഉണ്ടാകില്ല എന്നത് ഓണാഘോഷത്തിന് കൂടുതൽ ഉത്സവച്ഛായ പകർന്നു. തിരുവാതിരക്കളി, മാവേലി എഴുന്നള്ളത്ത്, ഓണപ്പാട്ട്, ഓണസദ്യ എന്നിങ്ങനെ ഗംഭീരമായ പരിപാടികൾ ഞങ്ങൾ ആസൂത്രണം ചെയ്തു.

വിഭവസമൃദ്ധമായ ഓണസദ്യക്ക് ശേഷം ഓണാശംസകൾ പിരിഞ്ഞു പിരിയാൻ ഒരുങ്ങുമ്പോൾ ഞങ്ങളുടെ ക്ലാസ്സിലെ പതിനഞ്ച് പേരെയും സേതു സാർ വിളിപ്പിച്ചു.

"ഇനി ഓണാവധി അല്ലേ?? ഇന്ന് കേരള സാഹിത്യ അക്കാദമിയിൽ സുകുമാർ അഴീക്കോട് സാറിന്റെ പ്രസംഗം ഉണ്ട് മൂന്നുമണിക്ക്. നിങ്ങളെല്ലാവരും അത് കേട്ടിട്ട് പോയാൽ മതി പറ്റിക്കാൻ നോക്കേണ്ട. ഞാനും അങ്ങോട്ടാ........."

മുങ്ങൽ വിദഗ്ധരായ അരുണും ലെനിനും പരസ്പരം നോക്കി. 'ക്ലാസ്മേറ്റ്സ്' എന്ന സിനിമയ്ക്ക് പോകാൻ നിൽക്കുകയായിരുന്നവർ സേതു സാറിന്റെ വാചകത്തിൽ അനുസരണയുള്ള ആട്ടിൻകുട്ടികളായി മാറി.

സേതു സാർ പറഞ്ഞാൽ ഞങ്ങൾക്ക് അനുസരിക്കാതിരിക്കാൻ ആകില്ല.
നല്ലതു മാത്രമേ പറയൂ, പ്രവർത്തിക്കൂ.ജീവിതം തന്നെ സാഹിത്യത്തിനും സമൂഹത്തിനും വേണ്ടി ചെലവഴിച്ച മഹാൻ. അദ്ദേഹത്തിന്റെ ജീവിതം സുകുമാർ അഴീക്കോടിനോട് നല്ല സാമ്യമുണ്ട്.
രണ്ടുപേരും സാഹിത്യത്തിനു വേണ്ടി കുടുംബജീവിതം വേണ്ടെന്നുവച്ച അധ്യാപകരാണെന്ന് പറയാം. മറ്റൊന്ന് പുസ്തകങ്ങൾ വായിച്ച് അറിവിന്റെ ഭണ്ഡാകാരം നിറച്ചവരാണ്. ലോകകാര്യങ്ങൾ എന്ത് ചോദിച്ചാലും അവർക്കറിയാം. മുഗൾ സാമ്രാജ്യത്തെ കുറിച്ചോ ജ്യോതിശാസ്ത്രമോ അമേരിക്കയിലെ നരവംശ ജീവിതമോ ആഫ്രിക്കയിലെ ഖനികളെ കുറിച്ചോ ആദിമ

എന്തിനേറെ പറയുന്നു? സാധാരണക്കാർക്ക് പേര് അറിയാത്ത പുൽക്കൊടിത്തുമ്പിനെകുറിച്ചുപോലും ചോദിച്ചാൽ അതിന്റെ ശാസ്ത്രീയ നാമവും ഔഷധ ഗുണാവും അടക്കം വിശദമായി തന്നെ പറഞ്ഞുതരും.

"എന്തായാലും ഇത് ഇത്തിരി അക്രമം ആയിപ്പോയി. രണ്ടുകൂട്ടം പായസവും കൂട്ടി ഓണസദ്യയുണ്ട് വീട്ടിൽ പോയി മയങ്ങുന്നതിനു പകരം കടുകട്ടി പ്രസംഗം കേൾക്കാൻ ഇപ്പോൾ ആർക്ക് മനസ്സുണ്ട്??"

ദിവ്യയുടെ ആത്മഗതം അല്പം ഉച്ചത്തിലായിരുന്നു.

അക്കാദമിയിൽ ചെന്നപ്പോൾ പരിപാടികൾ ഒന്നും തുടങ്ങിയിട്ടില്ല. കൃത്യസമയത്ത് ആരംഭിച്ച സുകുമാർ അഴീക്കോടിന്റെ പ്രസംഗം ഏകദേശം ഒന്നരമണിക്കൂർ നീണ്ടു. മാവേലിയുടെ ഭരണകാലം മുതൽ ഇങ്ങോട്ട് വർത്തമാന കേരളീയ ജീവിതത്തിന്റെ വിവിധ ദിശകളിൽ എല്ലാം ചുറ്റി സഞ്ചരിച്ച് സദസ്സിനെ തിരിച്ചുകൊണ്ടുവന്നപ്പോൾ സദസ്സിൽ നിർത്താത്ത കരഘോഷം.........
സംശയമില്ല,തികച്ചും അർഹതപ്പെട്ടത് തന്നെ.......
ഇത്രയും മെലിഞ്ഞ ഈ മനുഷ്യന് ഇത്രയും അറിവ് എവിടെ നിന്ന് കിട്ടി എന്ന് ആരും ഒന്ന് അമ്പരക്കാം!!!!!

ആശാരിയുടെ മകന്
ഇത്രയും അറിവ് എങ്ങനെ കിട്ടിയെന്ന് രണ്ടായിരം വർഷങ്ങൾക്കു മുൻപ് ജനങ്ങൾ യേശുവിനെയും സംശയിച്ചല്ലോ!!!

അറിവുള്ളവർ എന്നും സമൂഹത്തെ വിസ്മയിപ്പിച്ചു കൊണ്ടിരിക്കും.

വെള്ള ജൂബയിൽ പറയത്തക്ക ആകർഷകമൊന്നുമില്ലാതെ ഒരു വ്യക്തി, ജീവിതാനുഭവം കൊണ്ടും വായന കൊണ്ടും നേടിയ അറിവ്,തന്റെ പ്രസംഗത്തിലൂടെ സദസ്സിനെ എങ്ങനെ കയ്യിൽ എടുക്കുന്നു എന്ന് വിസ്മരിച്ച് നിൽക്കുമ്പോൾ വിദ്യ ചോദിച്ചു.

"കുളിയെകുറിച്ചുള്ള അഴീക്കോടിന്റെ വിലയിരുത്തൽ ഏറെ നന്നായി അല്ലേ??"

"അത് കലക്കി."
സംഗീത പറഞ്ഞു.

അതിവിടെ സൂചിപ്പിക്കാം.

* പണ്ട് മലയാളികൾ നടന്നു പോയി അടുത്തുള്ള പുഴയിൽ ആയിരുന്നു കുളിച്ചിരുന്നത്.

*കാലം ചെന്നപ്പോൾ സൗകര്യം നോക്കി കുളങ്ങളിലാക്കി.

*പിന്നീട് വീട്ടിലെ കിണറിൽനിന്നും വെള്ളം കോരിയെടുത്ത് കുളി ആഘോഷമാക്കിയിരുന്നു.

*ഇപ്പോൾ ഒന്ന് രണ്ട് ബക്കറ്റുകളിലെ വെള്ളത്തിൽ കുളിമുറിയിൽ കുളി തീരുന്നു.

* പോയിപോയി നാളെ ഒന്നോ രണ്ടോ ടീസ്പൂൺ വെള്ളത്തിൽ ആകുമോ മലയാളിയുടെ കുളിയെന്ന് എനിക്കിപ്പോൾ ഭയമാകുന്നു.......

പ്രസംഗം കേട്ട് തിരിച്ചുവരുമ്പോൾ ഓർത്തു.എത്ര നല്ല പ്രസംഗമായിരുന്നു!!!ഇത് കേട്ടില്ലെങ്കിൽ ഒരു നഷ്ടം തന്നെയായിരുന്നേനെ.......

പ്രസംഗിക്കാൻ കഴിവില്ലെങ്കിലും നല്ലൊരു ശ്രോതാവ് ആകാൻ നമുക്ക് കഴിയുന്നുണ്ടല്ലോ.
നന്ദി.
ഞങ്ങളുടെ മാതൃകാ സാറായ സേതു സാറിനോട് ഞങ്ങൾ എം. എ ക്ലാസ്സിലെ പതിനഞ്ച് പേരും വിയോജിച്ച ഒരു സന്ദർഭമുണ്ടായിരുന്നു.
ഞങ്ങളുടെ എല്ലാവരുടെയും പേരുകളുടെ പോരായ്മകൾ ചൂണ്ടിക്കാട്ടി സാർ സംസാരിച്ചപ്പോൾ ധന്യ ചോദിച്ചു.

"സാർ,ഏത് പേരിനൊരു കുറ്റവും കുറവും കാണുമല്ലോ? അർത്ഥമില്ലാത്ത പേര്,ചെറിയ പേര്, വലിയ പേര്, വസ്തുക്കളുടെ പേര് അങ്ങനെ പലതും അല്ലേ നമ്മുടെ പേരുകൾ. സാറേ, ഒരു കുറ്റവും കുറവും ഇല്ലാത്ത വല്ല പേരുമുണ്ടോ??
ഒന്ന് പറഞ്ഞുതരുമോ???  ഞങ്ങളുടെ മക്കൾക്കിടാൻ ഓർത്തു വയ്ക്കാമല്ലോ!!"

എന്തും തുറന്നു പറയാവുന്ന ഒരടുപ്പം അദ്ധ്യാപകർ ഞങ്ങൾക്കിടയിൽ ഉണ്ടാക്കിയിരുന്നു.അതുകൊണ്ടാണ് ഈ സംശയം ഉരുതിരിഞ്ഞത്....

"ഒരു കുറ്റമോ കുറവോ ഇല്ലാത്ത പഴമയും പുതുമയും ഒത്തിണങ്ങിയ ഒരേയൊരു പേര് മാത്രമേയുള്ളൂ. *സേതു*.
സാർ മറുപടി നൽകി."
ഞങ്ങളുടെ അന്നത്തെ കൂവൽ ചിരിയിൽ അവസാനം സാറും ഞങ്ങൾക്ക് കൂട്ടു വന്നു.

******************************

കൊറോണ കാലത്തെ സേതു സാറിന്റെ മരണം ഞങ്ങളെ നടുക്കി കളഞ്ഞു.തികച്ചും അപ്രതീക്ഷിതം.

മരണം കൊണ്ടു
പോകാത്തതായി ഈ ഭൂമിയിൽ ഒന്നേയുള്ളൂ.
മറ്റുള്ളവരുടെ മനസ്സിൽ
നാം നൽകിയ സന്തോഷവും,
സ്നേഹം നിറഞ്ഞ
ഓർമ്മകളുമണ് അത്.....

എത്രയെത്ര മധുരമേറിയ ഓർമ്മകളാണ് സേതുസാർ ഇവിടെ പ്രിയ ശിഷ്യരിലും സമൂഹത്തിലും അവശേഷിപ്പിരിക്കുന്നത്......

അണയ്ക്കുവാൻ കഴിയാത്ത വെളിച്ചമായി നീ എന്നും
ശിഷ്യരുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു..........

അനേകായിരം തിരികൾക്ക് വെളിച്ചം പകർന്നു
കൊടുത്താലും ഒരു തിരിയുടെയും പ്രകാശം കുറയുന്നില്ലല്ലോ.
അങ്ങയെ മാതൃകയാക്കി, അങ്ങ് പകർന്നുതന്ന
ഇത്തിരിവെട്ടം ഞങ്ങളുടെ അധ്യാപക വഴികൾ
പ്രകാശപൂരിതമാകട്ടെ............

സേതു സാറിന്
ആദരാഞ്ജലികൾ.......

**കവിത തോമസ് ടോയ്ബി**

# ചാവറയച്ചൻ: ദർശനങ്ങളുടെ രാജകുമാരൻ

**അറുപത്തിയാറ് ആണ്ടുകൾ മാത്രമുള്ള ജീവിതം.**
**ആ വ്യക്തിത്വം കൈവയ്ക്കാത്ത മേഖലകൾ ചുരുക്കം.**
**അദ്ദേഹം കടന്നു ചെല്ലാത്ത ജീവിതാവസ്ഥകൾ വിരളം.**
**അദ്ദേഹത്തെ കാലം വിളിച്ചു: "നവോത്ഥാന നായകൻ".**

**ദർശനങ്ങളുടെ രാജകുമാരനാണദ്ദേഹം.**
**കുടുംബദർശനം - നല്ല കുടുംബം ആകാശമോക്ഷത്തിന്റെ (സ്വർഗ്ഗത്തിന്റെ) സാദൃശ്യമാണെന്ന്.**



**വിദ്യാഭ്യാസദർശനം - പഠിത്തമില്ലാത്തവൻ ജ്ഞാനക്കുരുടനെന്ന്..**
**സാമൂഹ്യദർശനം - കുടുംബവും സമൂഹവും നവോത്ഥാനത്തിലേയ്ക്കുള്ള വഴികളെന്ന്..**
**വൈദികദർശനം - വൈദികസ്ഥാനമഹിമയറിഞ്ഞ് സുകൃതങ്ങളിൽ അഭിവൃദ്ധി നേടണമെന്ന്..**
**സന്യാസദർശനം - 'ബേസ്റൗമ'യിലെ ബലിയാണതെന്ന്..**
**സ്ത്രീവിമോചനദർശനം- സ്ത്രീശാക്തീകരണം നവോത്ഥാനഭാഗമെന്ന്..**
**സാഹിത്യദർശനം - സാഹിത്യം സമൂഹത്തെ നവോത്ഥാനത്തിലേക്കു നയിക്കുമെന്ന്..**
**ആത്മീയദർശനം - അപ്പാ എന്ന് ദൈവത്തെ വിളിക്കുവാൻ പോന്ന സ്വാതന്ത്ര്യമെന്ന്..**

അച്ചടിശാലയിലൂടെ, സാഹിത്യകൃതികളിലൂടെ അദ്ദേഹം
സമൂഹത്തെ വളർത്തി.. മുദ്രണവിദ്യ പകർന്നു
നൽകി..ബയന്റിംഗ് പരിശീലനമേകി..
ആ വഴിയിൽ, തൊഴിലധിഷ്ഠിതവിദ്യാഭ്യാസം
നാമ്പെടുത്തു.. സംസ്കൃതവിദ്യാലയം വഴി, മാന്നാനം
വർണ്ണാവർണ്ണഭേദമില്ലാത്ത വിദ്യാദാനകേന്ദ്രമായി..
വികാരി ജനറാൾ സ്ഥാനം മൂലം, കൃപയുള്ള നേതാവായി.
പള്ളിയ്ക്കൊരു പള്ളിക്കൂടം എന്ന കല്പന-
പൊതുസമൂഹസൃഷ്ടിയുടെ കാരണമായി. ദളിത്
വിദ്യാലയം വഴി വിഭാഗീയതയില്ലാത്ത ഒരു സമൂഹത്തെ
സ്വപ്നം കണ്ടു.
'നല്ല അപ്പന്റെ ചാവരുൾ' വഴി, സമൂഹത്തിൽ
ധാർമ്മികകുടുംബചട്ടമേകി..



'ധ്യാനസല്ലാപ'ങ്ങളിലൂടെ
ആത്മീയസാഹിത്യം
പൊലിപ്പിച്ചു.
'അനസ്താസ്യായുടെ
രക്തസാക്ഷിത്വം' വഴി,
ആദ്യഖണ്ഡകാവ്യം
കൈരളിക്കേകി.. 'പിടിയരി'യും
'കെട്ടുതെങ്ങും' വഴി
സമൂഹനിർമ്മിതിയുടെ
ഭാഗമായി മാറി.. 21-ാം
നൂറ്റാണ്ടിലെ കർമ്മങ്ങൾ 19-ാം
നൂറ്റാണ്ടിൽത്തന്നെ നിവർത്തിച്ച്, ചാവറയച്ചൻ
യുഗസ്രഷ്ടാവായി.. ദർശനങ്ങൾ അദ്ദേഹത്തെ
യുഗസ്രഷ്ടാവാക്കി.

# പ്രകൃതി എന്ന മഹാവിസ്മയം .

ഹാ! എത്ര സുന്ദരം. എല്ലാവർക്കും സുപരിചിതമായ വലിയ കാര്യങ്ങൾ ഉൾക്കൊള്ളിക്കുന്ന ചെറിയ മനോഹരമായ പേര്. പ്രകൃതി സ്വന്തം അമ്മയെ പോലെ തന്നെ നമ്മെ കാത്തു പരിപാലിച്ചു നോക്കി വളർത്തുന്നു. നമ്മുടെ തിരിച്ചൊന്നും പ്രതീക്ഷിക്കാത്ത അമ്മ. എന്നാലും അമ്മ നമുക്ക് തിരിച്ചു സ്നേഹം മാത്രം തരുന്നു. നമ്മൾ മനുഷ്യർ ആ അമ്മയെ ഉപദ്രവിക്കുന്നുണ്ടെങ്കിലും , സ്നേഹിക്കുന്ന അമ്മയില്ലെങ്കിൽ കുട്ടികളില്ല.



അതുപോലെ തന്നെ പ്രകൃതിയിൽ എന്നതാണ് സത്യം . എത്ര സുന്ദരമായ ഇത്ര സ്നേഹിക്കുന്ന അമ്മയെ നാം എന്തുകൊണ്ട് ദ്രോഹിക്കുന്നു ? നമ്മുടെ ജീവൻ നിലനിർത്തുന്ന നമ്മെ എത്രയധികം സൗഭാഗ്യങ്ങൾ തന്നെ നമ്മെ വളർത്തുന്ന പ്രകൃതി പുഴകളും ,മരങ്ങളും , ചെടികളും ,എത്ര അധികം നമ്മെ ആസ്വദിപ്പിക്കുന്ന വേറെ ആരുണ്ട് ? ആരുമില്ല എന്നതാണ് സത്യം. ദൈവം നമുക്ക് തന്ന പ്രകൃതിയെ നശിപ്പിക്കുന്നത് ശരിയാണോ ? അല്ല അല്ലേ ? കുട്ടികൾ കുറുമ്പ് കാണിക്കുമ്പോൾ അമ്മ അവരെ ശകാരിക്കുകയും പറഞ്ഞുകൊടുക്കുകയും ഒക്കെ ചെയ്യുന്നത് അതുപോലെതന്നെ പ്രകൃതിയുടെ മക്കളായ മനുഷ്യർ ചെറിയ ചെറിയ കുറുമ്പുകൾ കാണിക്കുമ്പോൾ എല്ലാം നമുക്ക് ആ കൊച്ചു കുറുമ്പുകൾക്ക് ശിക്ഷ തരും തീർച്ച . അത് മക്കളായ നമ്മളാണ് മനസ്സിലാക്കി പ്രവർത്തിക്കേണ്ടത് . ഈ മനോഹരമായ പ്രകൃതി നമ്മെ സ്നേഹിക്കുന്നത് പോലെ നമ്മൾ തിരിച്ചും അതിന് സ്നേഹിക്കണം . സ്വന്തമായി എങ്ങനെയാണ് സംരക്ഷിക്കുന്നത് അതുപോലെ തന്നെ നാം നമ്മുടെ പ്രതിയായ അമ്മയെ സംരക്ഷിക്കണം.

**സ്റ്റീവിൻ കെ രാജു**

# മാറിക്കൊണ്ടിരിക്കുന്ന വായനാശീലം

പുതുമന നാരായണ പണിക്കർ എന്ന പി എൻ പണിക്കരെ അനുസ്മരിക്കുന്ന ദിനമാണ് വായനാദിനം .കേരള സമൂഹത്തിൻറെ ചരിത്രത്തിലും സംസ്കാരത്തിലും ആഴത്തിൽ വേരു പതി വേരുറപ്പിച്ച ജൂത സമൂഹം അതിൻറെ മുദ്രകൾ ബാക്കിയാക്കി അപ്രത്യക്ഷമായ കഥ പറയുന്ന നോവലാണ് സേതുവിൻറെ ആലിയ. മലയാളത്തിലെ പല നോവലുകൾക്കും സാമുദായികമോ പ്രാദേശികമായ പശ്ചാത്തലം ഉണ്ട് . ചെമ്മീനും , പാത്തുമ്മയുടെ ആടും , പൊറ്റക്കാടിന്റെ ദേശത്തിൻറെ കഥയും ,കോവിലന്റെ തട്ടകവും ,പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ ശിലകളും ,മലയാറ്റൂരിന്റെ വേരുകളും ,ആലാഹയുടെ പെൺമക്കളും ഓർമ്മിക്കാം . ആലിയ എന്ന പേര് വ്യക്തമാക്കുന്നത് പോലെ ഇത് പരമ്പരാഗത ജൂത സമുദായത്തിന്റെ ഇസ്രായേലിലേക്കുള്ള കുടിയേറ്റ വൃത്താന്തമാണെന്ന് പറയാം. ആലിയ ഒരു ഹീബ്രൂപദമാണ് .രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ആധുനിക ഇസ്രായേൽ രാഷ്ട്രം രൂപീകൃതമായപ്പോൾ ജൂതർക്കും ഇസ്രായേലിലേക്ക് കുടിയേറുന്നതിന് അവസരമുണ്ടായി .ഇസ്രായേലിലേക്കുള്ള ജൂത കുടിയേറ്റ പ്രസ്ഥാനമാണ് ആലിയ .പ്രസ്ഥാനത്തിൻറെ ഭാഗമായി കേരള ജൂതരിൽ കേരളീയ ജൂതരിൽ മഹാഭൂരിപക്ഷവും ആറേഴ ദശകങ്ങൾക്കും മുൻപ് ഇസ്രായേലിലേക്ക് കുടിയേറി പോയി .മറ്റുള്ളവർക്ക് അത് ഇസ്രായേലിലേക്കുള്ള കുടിയേറ്റമാണ്. ജൂതർക്കാവട്ടെ സ്വദേശത്തേക്കുള്ള മടക്കവും.

വായനയുടെ രസം അല്ലെങ്കിൽ മായിക പ്രപഞ്ചം അതിലേക്കുള്ള വഴികാട്ടി എൻറെ അപ്പച്ചൻ ആയിരുന്നു. മെയ് 24 മാതൃഭൂമി ആഴ്ച്ചപ്പതിപ്പിൽ എൻറെ വായനാനുഭവം രേഖപ്പെടുത്തിയിരുന്നു. ഒന്നാം ക്ലാസിൽ പഠിക്കുമ്പോൾ നരേന്ദ്രനാഥിന്റെ ബാല നോവൽ നൽകിക്കൊണ്ട് വായന ലോകത്തേക്ക് ഞാൻ പ്രവേശിച്ചു എന്ന് പറയാം. നാലാം ക്ലാസിൽ സുമംഗലയുടെ മിഠായിപ്പൊതി എന്ന ബാലസാഹിത്യകൃതി തന്ന് എന്നെ വിസ്മയിപ്പിച്ചു. അന്നത്തെ മോഹവില കൊടുത്തു വാങ്ങിയ ആ പുസ്തകം ഒരു നിധി പോലെ ഞാൻ സൂക്ഷിച്ചുവച്ചിട്ടുണ്ട് ,എന്നാൽ പുതുതലമുറയ്ക്ക് ഈ കൃതികൾ ഒന്നും പഥ്യമല്ല .മാധ്യമങ്ങളുടെ മോഹാവേശത്തിൽ പെട്ട കുട്ടികൾ ലുട്ടാപ്പിയിലും മായാവിയിലും കുടുങ്ങിക്കിടക്കുന്നു. എന്റെ രണ്ടര വയസ്സുകാരി പേരക്കുട്ടി ആകട്ടെ അരിക്കൊമ്പനിലാണ് താല്പര്യം .അരികൊമ്പൻ ആമസോൺ കാടുകളിൽ പോയി ഹെലികോപ്റ്റർ തകർന്നുവീണ കുട്ടികളെ രക്ഷിച്ചു എന്ന രീതിയിൽ ഭാവന കലർത്തി പറഞ്ഞാൽ കഥ ഇഷ്ടമായി .അതായത് അപ്ഡേറ്റ് ആവുക എന്നതാണ് വായനയുടെ ഉദ്ദേശ്യം .

ഗീത ഫ്രാൻസിസ്

# അനുഭവം

## ആദ്യ ഡബ്ബിങ്ങിന്റെ അങ്കലാപ്പുകൾ

തൃശ്ശൂരിലെ പ്രശസ്തമായ സ്റ്റുഡിയോയിലേക്ക് ഏറെ ആശങ്കകളോട്ടുകൂടിയാണ് സംഗീതയും വിദ്യയും ഞാനും കടന്നുചെന്നത്. അവിടെയുള്ള ആർട്ടിസ്റ്റുകൾക്ക് തന്റെ പരിചയത്തിലുള്ള മൂന്ന് കലാലയ വിദ്യാർത്ഥികൾ വരുന്നുണ്ടെന്ന് മുന്നറിയിപ്പ് ഞങ്ങളുടെ കൂട്ടുകാരൻ ശ്രീകുമാർ നൽകിയിരുന്നു. അതുകൊണ്ടുതന്നെ ഞങ്ങളെ കാത്ത് അഞ്ചാറു പേർ നിൽപ്പുണ്ടായിരുന്നു. സ്നേഹോഷ്മളമായ സ്വീകരണമാണ് ഞങ്ങൾക്കവിടെ ലഭിച്ചത്.

'വരൂ സ്റ്റുഡിയോ കാണിച്ചുതരാം' എന്നറിയിച്ച സാരിയുടുത്ത സ്ത്രീയെ ഞങ്ങൾ ഏറെ ബഹുമാനത്തോടെ നോക്കി.മനോഹരമായ ശബ്ദത്തിന് ഉടമയായ അവർ ഏതെങ്കിലും ഒക്കെ സിനിമകളിൽ മുഖ്യ നടിമാർക്കോ സഹനടികൾക്കോ വേണ്ടി ശബ്ദം നൽകിയിരിക്കും എന്ന് ഞങ്ങളൂഹിച്ചു.

ഞങ്ങളും നാളെ ഇതുപോലെ ആയി തീരുമെന്നും വെള്ളിവെളിച്ചത്തിന്റെ സുന്ദരലോകത്തിൽ ഞങ്ങളുടെ സാംസ്കാരിക സാമ്പത്തിക സാമൂഹിക ജീവിതം സുരക്ഷിതമായിരിക്കും എന്ന ശുഭാപ്തിവിശ്വാസമാണ് ഞങ്ങളെ ഇവിടെ എത്തിച്ചതത്രേ!!!!

ഒരു സിനിമ ഗാന റെക്കോർഡിങ് നടക്കുന്ന സ്ഥലത്തേക്കാണ് ഞങ്ങളെ ആദ്യം കൊണ്ടുപോയത്. ധാരാളം സംഗീതോപകരണങ്ങളുടെ പശ്ചാത്തലത്തിൽ മനോഹരമായി പാട്ടുപാടുന്ന ഒരു പ്രമുഖ ഗായികയെ കണ്ടപ്പോൾ ഞങ്ങൾക്കേറെ സന്തോഷമായി. കീബോർഡ് വായിക്കുന്നവരും വയലിൻ, ഗിറ്റാർ, തബല തുടങ്ങിയ

പേരറിയുന്നതും പേരറിയാത്തതുമായ സംഗീതോപകരണങ്ങൾ കൈകാര്യം ചെയ്യുന്നവരുമായ അനേകരെ കണ്ട ഞങ്ങളുടെ കണ്ണുകൾ വിടർന്നു.

അല്പ സമയം കഴിഞ്ഞപ്പോൾ ഞങ്ങളെ നയിച്ചിരുന്ന സ്ത്രീ മറ്റൊരു ഭാഗത്തേക്ക് പോയി.ഒപ്പം ഞങ്ങളും.

മുൻപ് കണ്ട അതേ രീതിയിലുള്ള മറ്റൊരു സ്റ്റുഡിയോ റൂം ആണ് ഞങ്ങൾ പിന്നീട് കണ്ടത്.
'ഡബ്ബിങ് സ്റ്റുഡിയോ ആണിത്'' അവർ പരിചയപ്പെടുത്തി.

പേരുകേട്ട കുറച്ച് സിനിമകളുടെ പേര് പറഞ്ഞ് ഇതെല്ലാം ഇവിടെയാണ് ഡബ്ബ് ചെയ്തത് എന്ന് പറഞ്ഞതോടെ ഞങ്ങൾ വിസ്മയഭരിതരായി.

ഗുരുവായൂർ പശ്ചാത്തലമാക്കി നിർമ്മിച്ച ഒരു ടെലിഫിലിമിന്റെ ഡബ്ബിങ് നടക്കുന്നുണ്ടെന്നും അതിനായി ഞങ്ങൾ കോളേജ് കുട്ടികളെ തിരഞ്ഞുകൊണ്ടിരിക്കുകയാണെന്നും നിങ്ങൾക്ക് താല്പര്യമെങ്കിൽ ഇന്ന് തന്നെ ഡയലോഗ് പറഞ്ഞു തുടങ്ങാമെന്നും അവർ പറഞ്ഞു.
പത്തു സെക്കൻഡ് ആംഗ്യ ഭാഷയിൽ സംസാരിച്ച ശേഷം ഞങ്ങൾ മൂവരും 'തയ്യാറാണ്'' എന്ന് പറഞ്ഞു.

ഏതൊരു പ്രവർത്തിക്ക് തുനിഞ്ഞിറങ്ങുമ്പോഴും ഉത്സാഹഭരിതവും ഉന്മേഷകരവുമായ ഒരു മനസ്സ് നമുക്ക് ആവശ്യമാണ്.അത് ഉണ്ട് എന്ന വിശ്വാസമാണല്ലോ നമ്മളെ മുന്നോട്ട് നയിക്കുന്നത് .
ഞങ്ങളുടെ ആത്മവിശ്വാസം അല്പം കൂടുതൽ ആയോ എന്ന സംശയം മാത്രമേ ഉള്ളൂ.

അല്പസമയത്തിനുശേഷം  ഡയലോഗ് എഴുതിയ മൂന്നു പേപ്പറുകൾ ഞങ്ങളുടെ കയ്യിലേക്ക് തന്നു.ഇരുപത് മിനിറ്റ് ഒരുങ്ങി ഡയലോഗ് പ്രസന്റേഷന് തയ്യാറാകണമെന്ന് മുന്നറിയിപ്പ് തന്ന് അവർ പോയി.

കുറച്ചു കഴിഞ്ഞ് അവർ വന്നപ്പോൾ കൂടെ അഞ്ചാറു പേരുണ്ടായിരുന്നു. അവരെല്ലാവരും വിവിധ കസേരകളിൽ ഇരുന്നു. ഓരോ ഡയലോഗുകളും പറയേണ്ട രീതികൾ പറഞ്ഞുതന്നു.

ആകെ മൂന്ന് ഡയലോഗ് ആണ് ഉണ്ടായിരുന്നത്. എല്ലാം മനസ്സിലായതുപോലെ ഞങ്ങൾ തലയാട്ടി.

'തലയാട്ടൽ' കൂടുതൽ ആയതുകൊണ്ടാണാവോ എന്നെയാണ് ആദ്യം വിളിച്ചത്.

അവർ റെഡിയാക്കി തന്ന മൈക്കിന് മുമ്പിൽ പലതവണ ഓരോ ഡയലോഗും പറഞ്ഞിട്ടും എന്നെ നോക്കിയ കണ്ണുകളിൽ ഒന്നും തെളിമയോ തൃപ്തിയോ കണ്ടില്ല.

പിന്നീടവർ സംഗീതയെയും വിദ്യയെയും വിളിച്ചു.അവരിലും സംതൃപ്തി ആയില്ല.ഓരോ വാചകവും പത്തോളം തവണ ഞങ്ങൾ ഓരോരുത്തരും മാറിമാറി പറഞ്ഞു.അവർക്ക് അതൊന്നും ഇഷ്ടപ്പെട്ടില്ല എന്ന് അവരുടെ മുഖഭാവത്തിൽനിന്നും വ്യക്തമായി.ഞങ്ങളുടെ നോട്ടത്തിൽ ഞങ്ങൾ പറഞ്ഞ ഡയലോഗുകൾ എല്ലാം "പെർഫെക്ട് ഓക്കേ" ആയിരുന്നു.

അതിനുശേഷം  രാഗം,ഭാവം, താളം,വികാരം ഇത്യാദി കാര്യങ്ങളെകുറിച്ച് അവർ മാറിമാറി
ഒരു ദീർഘപ്രഭാഷണം നടത്തി.ഒരു  സംഗീതനാടക കോളേജിലെ ക്ലാസ്സിൽ എത്തിയതുപോലുള്ള അവസ്ഥ......
തുടക്കത്തിലുള്ള ബുദ്ധിമുട്ടാണ് ഇതെല്ലാം എന്നും പറയുകയുണ്ടായി.പതുക്കെ ശരിയാകുമെന്നും.

എല്ലാം കേട്ട് കേട്ട് ഞങ്ങൾക്ക് മതിയായി.
ഡബ്ബിങ്ങ് താല്പര്യമുണ്ടെങ്കിൽ
ഈ ഡയലോഗുകൾ രാഗ ഭാവതാളരസമോടെ
പഠിച്ച് തയ്യാറായി നാളെ രാവിലെ പത്തു മണിക്ക് ഇവിടെ
എത്തിച്ചേരാൻ പറഞ്ഞുകൊണ്ട് ഡയലോഗ് ഉള്ള ആ
ഫോട്ടോസ്റ്റാറ്റ് പേപ്പർ ഞങ്ങൾക്ക് തന്നു.

നാണമോ മാനമോ അതുമായി ബന്ധപ്പെട്ട യാതൊരു വികാരങ്ങളും അക്കാലത്തു ഞങ്ങൾക്ക് മൂവർക്കും ഇല്ലാത്തതുകൊണ്ട് ഞങ്ങൾ ധൈര്യമായി ഇറങ്ങിപ്പോന്നു. സ്റ്റുഡിയോയിൽ നിന്നിറങ്ങിയപ്പോൾ ആ മൂന്നു പേപ്പറുകളും കയ്യിലൊതുക്കി സംഗീത
ചോദിച്ചു.

"നമ്മൾ നാളെ വരുന്നുണ്ടോ??എന്താ തീരുമാനം??
ഇപ്പോൾതന്നെ അറിയണമെനിയ്ക്ക്..."

"എനിക്ക് ഡബ്ബിങ് ആർട്ടിസ്റ്റ് ആകേണ്ട.എന്നൊന്നും
വിമാനത്തിലും പോകേണ്ട. സ്ഥിരം മദ്രാസിലും
താമസിക്കേണ്ട.
എനിക്കൊരു നല്ല ടീച്ചറായാൽ മതി." ഞാൻ ഉറപ്പിച്ചുപറഞ്ഞു.
'എനിക്കും 'വിദ്യയും, സംഗീതയും ഒന്നിച്ചുപറഞ്ഞു.

ഓരോരുത്തർക്കും തന്ന ഡയലോഗ് എഴുതിയ ആ മൂന്നുപേപ്പറുകൾ കുരുകുരുവാക്കി കാറ്റിൽ പറത്തിയത്, അങ്ങനെ പരിസ്ഥിതിമലിനീകരണത്തിന് കാരണഭൂതയായത് ആരാണെന്ന് ഇപ്പോൾ പറയുന്നില്ല.എന്തായാലും ആ കടലാസുകൾ ഡയലോഗോടൊപ്പം ചിതറിപ്പോയി........

ഞങ്ങൾ പ്രാണാരക്ഷാർത്ഥം ഓടിരക്ഷപ്പെട്ടെന്ന് അസൂയാലുക്കൾ പറയുമായിരിക്കും.
ഞങ്ങൾക്കത് പ്രശ്നമല്ല.......

അപ്പോൾതന്നെ വിദ്യയുടെ വീട്ടിൽപോയി, അവളുടെ അമ്മയുണ്ടാക്കിയ ചായയും കടച്ചക്കബജിയും സവാളബജിയും കഴിച്ചപ്പോഴാണ്, അമ്മയോട് എല്ലാം വിവരിച്ചപ്പോഴാണ്, മനസ്സൊന്നു ശാന്തമായത്.

വർഷങ്ങൾക്കിപ്പുറം ഓർത്തുരസിക്കാൻ, അന്നത്തെ കുറച്ച മനോഹരനിമിഷങ്ങൾ......

ഞങ്ങൾ മൂന്നുപേരും അദ്ധ്യാപകർ ആണെന്നതുകൊണ്ടുതന്നെ ഈ കാര്യം ഇപ്പോൾ സന്തോഷത്തോടെ, അതിലുപരി അഭിമാനത്തോടെ പറയാം...

**പിൻകുറിപ്പ്**.
ഇതൊക്കെയാണെങ്കിലും ഇപ്പോഴും സിനിമ കാണുമ്പോൾ ഡബ്ബിങ് ആർട്ടിസ്റ്റ് ആരൊക്കെയാണെന്ന് ഒന്ന് നോക്കും.
അവിടെ പേര് കാണുമ്പോൾ എന്താണോ.......
എന്തോ....... ഹൃദയത്തിൽ ഒരു കൊളുത്തിവലിയുണ്ടാകുന്നു......

കവിത തോമസ് ടോയ്ബി







# The Brilliant Star

Once in a bustling city filled with joy there lived a young prodigy named Alex with a mind sharper than a sword Alex amused everyone with his extraordinary talent of painting


But fate brought him to his knees when a tragic accident took both of Alex's parents leaving him orphaned and alone. Alex found himself in the place of uncertainty

Yet in the darkest times a flash of hope remained alive within Alex. He had a brush in his hands Alex painted his sadness and loneliness onto the canvas. Which became the greatest masterpiece the world has ever seen.


















GO
KU


PHELPS PAUL K
IX:D



# The program Making the IT kings







Abhinath ks


little
KITEs
POSTER MAKER
AI
FUTURE
TECHNO
LOGY IS
AI

## IMAGE ENHANCING USING GIMP

**GIMP**

*A drawing into a pencil drawing effect on gimp*

**First we want to desaturation the picture*

**Then we want to create a duplicate layer of this image*

**invert the colors in the duplicate layer*

**change the layer mode from normal to dodge option*

**apply the Gaussian blure filter effect on it*

*merge the two layers on the duplicate layers in the layers palette and select merge down

*then go to the colors menu and select levels

*finally, the drawing is ready

***For example, this is the original one.***



*This is the enhanced image.*





# *THANK*

# *YOU!*

**********************